പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : 50

29/01/2019 - ൽ മറുപടിക്ക്

## വില നിയന്ത്രണത്തിന് സഹകരണ വകുപ്പിന്റെ ഇടപെടൽ

**ചോദ്യം**

ശ്രീമതി യു. പ്രതിഭ

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

ശ്രീ. കെ.ഡി. പ്രസേനൻ

ശ്രീ.പി.വി. അൻവർ

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദ സഞ്ചാരവും

ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് സഹകരണ വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ; | എ) | പൊതു വിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സംഘങ്ങൾ മുഖേനയും നീതി സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിപണിയിൽ ശക്തമായി ഇടപെട്ടു വരുന്നു. ഇതിന്റെ ഭാഗമായി ഉത്സവ കാലങ്ങളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടു കൂടി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങൾ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക വിപണികളിലൂടെയും വിപണനം ചെയ്ത് വിലക്കയറ്റം നിയന്ത്രിച്ചു വരുന്നു. ഇക്കഴിഞ്ഞ റംസാൻ വിപണിക്കായി 1 കോടി രൂപയും, ഓണം വിപണിക്കായി 30 കോടി രൂപയും ക്രിസ്തുമസ് പുതുവത്സര വിപണിക്കായി 10 കോടി രൂപയും സബ്സിഡിയായി അനുവദിച്ചു നൽകിയിരുന്നു. ഉത്സവ വിപണികളിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിലെ വിലയിൽ നിന്നും വില കുറച്ച് സപ്ലൈക്കോ നൽകുന്ന സമാനമായ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നു. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉത്സവ വിപണിക്കായുള്ള സബ്സിഡി നൽകുന്നതിന് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉത്സവ കാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി നടത്തിയിട്ടുള്ള വിപണികൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നു. |

| | | | |
|---|---|---|---|
| ബി) | ഇതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളിലും നീതി സ്റ്റോറുകളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ഉൾപ്പെടെ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 194 നീതി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമെ നീതി സ്റ്റോറുകളുടെ ശൃംഖല വിപുലീകരിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ഫെഡറേഷന്റെ നേതൃത്വത്തിൽ പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല തീരദേശ മേഖല എന്നിവിടങ്ങളിൽ മൊബൈൽ ത്രിവേണികളുടെ സേവനം ലഭ്യമാക്കിവരുന്നു. |
| സി) | കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിനും അത് വഴി വിലക്കയറ്റത്തെ തടഞ്ഞു നിർത്തുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സാധനങ്ങൾ വില കുറച്ച് വിപണിയിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർ ഫെഡറേഷനിൽ ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തു. വിതരണക്കാരെ അവരുടെ കഴിഞ്ഞകാല പ്രവർത്തനത്തിന്റേയും ലഭ്യമാക്കുന്ന സാധനങ്ങളുടെ ഗുണമേന്മയുടേയും അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനും പദ്ധതിയുണ്ട്. കൂടാതെ ടെൻഡറിൽ പങ്കെടുക്കുന്ന വിതരണക്കാരിൽ നിന്നും സാധനങ്ങളുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. ഇത്തരത്തിൽ ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ലഭ്യമാക്കി ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ